TCPALP/967/2022-C 3

I/69888/2022

<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>
<u>ജില്ലാ നഗരാസൂത്രണ കാര്യാലയം, ആലപ്പുഴ</u>
<u>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്</u>
<u>*(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)*</u>

വിഷയം – ജില്ലാ നഗരാസൂത്രണ കാര്യാലയം, ആലപ്പുഴ – ആലപ്പുഴ നഗരസഭ- മുല്ലയ്ക്കൽ വില്ലേജ്- വാസഗൃഹ-വാണിജ്യ കെട്ടിട നിർമ്മാണത്തിന് ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം– 1) ആലപ്പുഴ നഗരസഭാ മുനിസിപ്പൽ എഞ്ചിനീയറുടെ 19.07.2022 തീയതിയിലെ E3-6427/20 നമ്പർ കത്ത്.

2) 26.08.2022-ൽ കൂടിയ ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ ജില്ലാതല കമ്മിറ്റി തീരുമാനം

<u>ഉത്തരവ് നമ്പർ TCPALP/967/2022-C/ കെ.ഡിസ്</u> <u>തീയതി : 22-09-2022</u>

ആലപ്പുഴ നഗരസഭ, മുല്ലയ്ക്കൽ വില്ലേജിൽ, റീ സർവ്വേ നമ്പർ 4-ൽപ്പെട്ട 848.00 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത് നിലവിലുള്ള നിർമ്മാണം പൊളിച്ചു നീക്കി 897.57 ചതുരശ്ര മീറ്റർ (G+1) വിസ്തീർണ്ണമുള്ള വാസഗൃഹ-വാണിജ്യ കെട്ടിടം (എഫ്.എസ്.ഐ. : 0.78, കവറേജ് : 28.38) നിർമ്മിക്കുന്നതിന് ശ്രീമതി. ഗീത സൂസൻ ജോർജ്ജ്, ശ്രീ. അരുൺ തോമസ് ജോർജ്ജ്, ശ്രീ. അശോക് പി. ജോർജ്ജ് എന്നിവർ ചേർന്ന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ ജില്ലാതല കമ്മിറ്റിയുടെ യോഗത്തിൽ പരിഗണിക്കുകയും, നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു.

ആയതിനാൽ, പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത നിർമ്മാണത്തിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

i. പ്രസ്തുത നിർമ്മാണം KMBR 2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

<u>ii. പൊതു നിബന്ധനകൾ</u>

1. നിർദ്ദിഷ്ട നിർമ്മാണത്തിന്റെ മേൽക്കൂരയ്ക്ക് 35 ഡിഗ്രിയ്ക്കും 45 ഡിഗ്രിയ്ക്കും ഇടയിൽ തിരശ്ചീനമായി ചരിവ് നൽകേണ്ടതാണ്.
2. മുൻഭാഗത്തെ മേൽക്കൂര മാംഗ്ലൂർ പാറ്റേൺ (M.P.) ടെറാക്കോട്ടാ ടൈൽ (Natural colour) ഉപയോഗിച്ച് ഫിനിഷ് ചെയ്യേണ്ടതാണ്.
3. മേൽക്കൂരയ്ക്ക് ഉപയോഗിക്കുന്ന ചരിവ്, റൂഫ് ഫിനിഷുകൾ എന്നിവ തന്നെ സൺ ഷേഡിനും നൽകേണ്ടതാണ്.
4. കെട്ടിടത്തിന്റെ മുൻഭാഗം ഹെറിറ്റേജ് സോണിന്റെ സ്വഭാവവുമായി പൊരുത്തപ്പെടുന്നതായിരിക്കണം.
5. നിർദ്ദിഷ്ട പ്ലാൻ നിലവിലുള്ള തെരുവിന്റെ സ്വഭാവം നിലനിർത്തിയുള്ളതായിരിക്കണം.
6. പുറംഭിത്തിയുടെ പ്രതലങ്ങൾ white or off white നിറത്തിൽ (with plain finish) പൂർത്തിയാക്കണം.
7. ഹെറിറ്റേജ് സോണിൽ നിർമ്മാണങ്ങൾക്ക് റൂഫ് ടോപ് വരെ പരമാവധി 9 മീറ്റർ വരെയേ ഉയരം ആകാവൂ.
8. വാട്ടർ ടാങ്കുകൾ എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അവ അടുത്തുള്ള തെരുവുകളിൽ

നിന്നോ പൊതു ഇടങ്ങളിൽ നിന്നോ കാണാതിരിക്കത്തക്ക വിധം സ്ഥാപിക്കേണ്ടതാണ്.

**iii. പ്രത്യേക നിബന്ധനകൾ**

1. നിർമ്മാണത്തിന്റെ മുൻഭാഗത്തെ വാതിലുകൾ, ജനാലകൾ, ഈവ് ബോർഡ് (നൽകിയിട്ടുണ്ടെങ്കിൽ) എന്നിവ തടി കൊണ്ടുള്ള മെറ്റീരിയലോ, കാഴ്ച്ചയിൽ തടിയോട് സാമ്യമുള്ള മറ്റേതെങ്കിലും വസ്തുക്കളോ ആയിരിക്കണം.

(അംഗീകരിച്ച കൺകറൻസ് നമ്പർ : 4 / 2022)

(ജോസഫ് കെ. എഫ്.)
ടൗൺ പ്ലാനർ
ആലപ്പുഴ

ശ്രീമതി. ഗീത സൂസർ ജോർജ്ജ്,
ശ്രീ. അരുൺ തോമസ് ജോർജ്ജ് &
ശ്രീ. അശോക് പി. ജോർജ്ജ്,
പുത്തൻപുരയ്ക്കൽ,
മുല്ലയ്ക്കൽ വാർഡ്, ആലപ്പുഴ

പകർപ്പ് :

1) സെക്രട്ടറി, ആലപ്പുഴ നഗരസഭ ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)
2) കരുതൽ ഫയൽ
3) അധികം.